29. ടിപ്പർ ലോറികളിൽ സ്പീഡ് ഗവേർണേഴ്സ് സ്ഥാപിക്കുക.

30. ഓട്ടോമൊബൈയിൽ വർക്ക്ഷോപ്പുകളിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക.

31. ബസ്സുകളിലും ലോറികളിലും മുൻ-പിൻ ഭാഗങ്ങളിൽ രണ്ട് അടി ഉയരത്തിൽ 'ഷോക്ക് അബ്സോർബർ' സ്ഥാപിക്കുക.

32. മദ്യപിച്ച് വാഹനം ഓടിക്കൽ, പ്രായപൂർത്തിയാകാതെ വാഹനം ഓടിക്കൽ എന്നിവ ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് അധികാരം നൽകുന്ന ചട്ടങ്ങൾ രൂപീകരിക്കുക.

33. ഇൻഷുറൻസ് ചെയ്യപ്പെട്ടതിനുശേഷം മാത്രം വാഹനങ്ങളുടെ പെർമിറ്റ് പുതുക്കി നൽകുക.

34. നഗരങ്ങളിൽ കൂടി കടന്നുപോകുന്ന ദേശീയ പാതകൾക്ക് 'സബ് വേ' നിർമ്മിക്കുക.

35. രാത്രികാലങ്ങളിൽ വാഹനം ഓടിക്കുമ്പോൾ എതിരെ വരുന്ന ഡ്രൈവർമാരുടെ കാഴ്ച മങ്ങാതിരിക്കുന്നതിന് ഉതകുന്ന വിധത്തിൽ വാഹനത്തിന്റെ ലൈറ്റ് 'ഡിം' ചെയ്യുന്നത് നിർബന്ധമാക്കുക.

36. സ്കൂൾ പരീക്ഷകളിലും ജോലി ലഭിക്കുന്നതിനുള്ള പരീക്ഷകളിലും, റോഡ് സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച് ഏറ്റവും കുറഞ്ഞത് അഞ്ചു മാർക്കിനുള്ള ചോദ്യങ്ങളെങ്കിലും ഉൾപ്പെടുത്തുക.

(സി) ഉണ്ട്.

(ഡി) പോലീസ് പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേക പരാമർശങ്ങളില്ല.

(ഇ) ഉണ്ട്. നഗരങ്ങളിൽക്കൂടി കടന്നുപോകുന്ന ദേശീയ പാതകൾക്ക് 'സബ് വേ' നിർമ്മിക്കുക, ചെറിയ റോഡ് പ്രധാന റോഡുമായി ചേരുന്ന സ്ഥലങ്ങളിൽ ഹമ്പുകൾ നിർമ്മിക്കുക എന്നിവയാണ് ഗതാഗതക്കുരുക്ക് പരിഹരിക്കാനായി നിർദ്ദേശിച്ചിട്ടുള്ളത്.

പാലക്കാട്, വടക്കാഞ്ചേരി ഫയർസ്റ്റേഷന് ഭൂമി

318 (3830) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പാലക്കാട്, വടക്കാഞ്ചേരി ഫയർ റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ കെ.എസ്.ആർ.ടി.സി. വടക്കാഞ്ചേരി ഡിപ്പോ പരിസരത്ത് നിന്നും ഭൂമി വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി കൈമാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥലം വിട്ടുനൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം കൈമാറിയിട്ടില്ല.

(ബി) പാലക്കാട്, വടക്കാഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കൈമാറാൻ ഉദ്ദേശിക്കുന്ന വസ്തു സർക്കാർ പുറംപോക്ക് ഭൂമി അല്ലാത്തതിനാൽ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം റവന്യൂ വകുപ്പിലേയ്ക്ക് മാറ്റാനുള്ള നടപടികൾ കൈക്കൊണ്ടതിനുശേഷം മാത്രമേ വകുപ്പ് തലത്തിൽ ഭൂമി കൈമാറ്റി നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

എത്രയും വേഗം ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

കുറ്റ്യാടി- മാനന്തവാടി റൂട്ടിലെ യാത്രാപ്രശ്നം

319 (3831) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്ന കുറ്റ്യാടി-മാനന്തവാടി റൂട്ടിലെ യാത്രാ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പ്രസ്തുത റൂട്ടിലെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റ്യാടി- മാനന്തവാടി റൂട്ടിലെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിനായി തൊട്ടിൽപ്പാലത്ത് നിന്നും മാനന്തവാടിയിൽ നിന്നുമായി 40 ട്രിപ്പുകൾ ദിവസവും നടത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly